# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

2020-21 അധ്യയന വർഷത്തേക്ക് കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്നതിന് വിജ്ഞാപനം ചെയ്ത ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിച്ചവർക്ക് യോഗ്യതാപരീക്ഷയുടെ മാർക്ക് ഓൺലൈനായി ചേർക്കുവാനുള്ള അവസരം 23.09.2020 ന് ഉച്ചയ്ക്ക് 1 മണി മുതൽ 26.09.2020 വൈകീട്ട് 5 മണി വരെ ലഭ്യമാണ്. BHM, Bcom Honours, B.Ped, BPEd Integrated എന്നീ ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിച്ചവർ മാർക്ക് ലിസ്റ്റിലെ അതേ ക്രമത്തിൽ തന്നെ മാർക്കുകൾ രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ യോഗ്യതാപരീക്ഷയുടെ മാർക്ക് രേഖപ്പെടുത്താത്തവരെ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. മാർക്ക് രേഖപ്പെടുത്തിയശേഷം അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. കൂടാതെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (EWS) വിഭാഗക്കാർ അവരവരുടെ അപേക്ഷയിൽ ആയതുകൂടി ചേർത്ത് അപേക്ഷ പൂർത്തിയാക്കേണ്ടതാണ്.

പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ നൽകാൻ കഴിയാത്തവർക്കും പുതുതായി അപേക്ഷിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രവേശന പരീക്ഷ മുഖാന്തരം പ്രവേശനം നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പുതിയതായി അപേക്ഷിക്കുന്നവർ അപേക്ഷ പൂർത്തിയാക്കാനായി റീ ലോഗിൻ ചെയ്ത് (www.cuonline.ac.in **-> Registration -> UG/PG Entrance 2020 -> UG/PG Entrance Registration 2020)** അവരവരുടെ മാർക്കുൾപ്പെടെ അപേക്ഷയിൽ ചേർക്കേണ്ടതാണ്.

ഫോൺ : 0494 2407016, 2407017.

ഡയറക്ടർ

C.U. Campus
22.09.2020

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)